**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 364** **23-08-2022 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ -വലിയ കടമക്കുടി-ചാത്തനാട് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ കടമക്കുടി ഗ്രാമ പഞ്ചായത്തിൽ വലിയ കടമക്കുടി-ചാത്തനാട് പാലം നിർമ്മാണത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ; | (എ) | വലിയ കടമക്കുടി ചാത്തനാട് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ചാത്തനാട് അപ്രോച്ച് റോഡിന്റെ നിർമ്മാണം ടെൻഡർ ചെയ്തിട്ടുള്ളതും കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനുമായി ഇതുസംബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലമെടുപ്പ് നടപടികളുടെ ഭാഗമായി കുടിയൊഴിപ്പിക്കുന്നവർക്കുള്ള പുനരധിവാസ ഭൂമി നൽകുന്നതിന് അനുമതിക്കായി സമർപ്പിച്ച ഫയലിൽ അനുമതി ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (ബി) | വലിയ കടമക്കുടി ചാത്തനാട് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് പുനരധിവാസ ഭൂമി നൽകുന്ന വിഷയം പരിശോധിച്ച് വരുന്നു. |
| (സി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി ജനറൽ കൗൺസിൽ തീരുമാനപ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് എന്നേക്ക് സമർപ്പിക്കാൻ സാധിക്കും; വ്യക്തമാക്കാമോ; | (സി) | ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയ്ക്ക് സർക്കാർ ലഭ്യമാക്കിയ 52 കോടി രൂപയുടെ ഭരണാനുമതിയിൽ ഉൾപ്പെടുത്തിയാണ് ചാത്തനാട് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. വലിയ കടമക്കുടി അപ്രോച്ച് റോഡിന്റെ പുതുക്കിയ എസ്റ്റിമേറ്റ് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലഭ്യമാക്കുന്ന മുറയ്ക്ക്, പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്ന വിഷയം പരിശോധിയ്ക്കുന്നതാണ്. |
| (ഡി) | പുതുക്കിയ ഭരണാനുമതി എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയ്ക്ക് സർക്കാർ ലഭ്യമാക്കിയ 52 കോടി രൂപയുടെ ഭരണാനുമതിയിൽ ഉൾപ്പെടുത്തിയാണ് ചാത്തനാട് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. വലിയ കടമക്കുടി അപ്രോച്ച് റോഡിന്റെ പുതുക്കിയ എസ്റ്റിമേറ്റ് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലഭ്യമാക്കുന്ന മുറയ്ക്ക്, പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്ന വിഷയം പരിശോധിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ